"ഭരണഭാഷ മാതൃഭാഷ"

WEC2-7252/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 11/08/2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

# പരിപത്രം

വിഷയം:-വനിത ശിശു വികസന വകുപ്പ് - 'അഭയകിരണം' പദ്ധതി 2021-22 വർഷത്തേയ്ക്ക് അപേക്ഷകൾ ഓൺലൈൻ വെബ് സൈറ്റ് വഴി ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന:- (1) സ.ഉ (സാധാ) 296/2021/സാനീവ തീയതി 14.05.2021.

(2)ഈ കാര്യാലയത്തിലെ 20.01.2020 ലെ WEC-2/20302/19 നമ്പർ ഉത്തരവ്.

(3)ഈ കാര്യാലയത്തിലെ 28.02.2020 ലെ WEC-2/20302/19 നമ്പർ ഉത്തരവ്

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന 'അഭയകിരണം' പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന വിധവകളെ സംരക്ഷിക്കുന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകൾക്ക് അഭയ സ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000/- രൂപ അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം 2021-22 വർഷത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

## അർഹതാ മാനദണ്ഡവും അപേക്ഷിക്കേണ്ട രീതിയും

- **അപേക്ഷിക്കേണ്ട വിധം**
  - www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.
  - പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക.
  - പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്.
  - യൂസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്
- സംരക്ഷിക്കപ്പെടുന്ന വിധവകൾ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം (വയസ്സ് തെളിയിക്കുന്നതിനായി സ്കൂൾ സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐ.ഡി കാർഡ്, ആധാർ കാർഡ് റേഷൻ കാർഡ് എന്നിവയിലേതെങ്കിലും ഒന്ന് അപ് ലോഡ് ചെയ്യണം)

- വിധവകളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങുന്ന സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യണം മുൻഗണനാ വിഭാഗം/ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. റേഷൻ കാർഡിന്റെ പകർപ്പ് അപ് ലോഡ് ചെയ്യണം
- വിധവകൾ സർവ്വീസ് പെൻഷൻ /കുടുംബ പെൻഷൻ എന്നിവ കൈപ്പറ്റുന്നവരാകരുത്.
- വിധവകൾക്ക് പ്രായ പൂർത്തിയായ മക്കൾ ഉണ്ടാകാൻ പാടില്ല.
- വിധവയെ സംരക്ഷിക്കുന്ന അപേക്ഷകർ ക്ഷേമ പെൻഷനുകളോ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് ധനസഹായമോ ലഭിക്കുന്നവരായിരിക്കരുത് (ഉദാ: ആശ്വാസകിരണം, സമാശ്വാസം തുടങ്ങിയവ)
- ടിയാൻ ബന്ധുവിന്റെ പരിചരണത്തിൽ കഴിയുന്ന വ്യക്തിയാണെന്നും

വിധവയാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധി /വില്ലേജ് ഓഫീസർ നൽകിയിരിക്കണം. ഈ സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യണം

- താമസിക്കുന്നതിന് സ്വന്തമായി ചുറ്റുപാടോ, സൗകര്യമോ ഉള്ള വിധവകൾ ആയിരിക്കരുത്.
- ഏതെങ്കിലും സ്ഥാപനത്തിൽ താമസക്കാരിയായി കഴിയുന്ന വിധവകൾ ഈ ധനസഹായത്തിന് അർഹരല്ല.
- അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ മുഖേന ഓൺലൈനായി 15.09.2021 വരെ സ്വീകരിച്ച് അർഹമായ അപേക്ഷകൾ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് 27.09.2021 ന് മുൻപ് ഓൺലൈനായി കൈമാറേണ്ടതാണ്.
- അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് പത്ര ദൃശ്യ മാധ്യമങ്ങൾ മുഖേന ജില്ലാ വനിത ശിശു വികസന ഓഫീസർമാർ അറിയിപ്പ് നൽകേണ്ടതാണ്.
- മുൻവർഷം ധനസഹായം ലഭിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതാണ്.
- 2020-21 വർഷം ധനസഹായം ലഭിച്ചവർ തുടർന്നും ധനസഹായത്തിന് അർഹരാണെങ്കിൽ ഇവരുടെ അപേക്ഷ പ്രത്യേക ലിസ്റ്റായി ജില്ലാ വനിത ശിശു വികസന ഓഫീസർമാർ സമർപ്പിക്കേണ്ടതാണ്.
- 2020-21 വർഷം ധനസഹായം അനുവദിച്ചിട്ടുള്ളത് ജനുവരി 2021 വരെയാണ്. ഇപ്രകാരം ധനസഹായം ലഭിച്ച് ഗുണഭോക്താക്കൾ തുടർന്നും ധനസഹായത്തിന് അർഹരാണെങ്കിൽ ഇവർക്ക് 2021 ഫെബ്രുവരി മാസം മുതൽ 2022 ഫെബ്രുവരി മാസം വരെയുള്ള 13 മാസത്തേയ്ക്കുള്ള തുക അനുവദിക്കാവുന്നതാണ്.
- ഈ സാമ്പത്തിക വർഷം പുതുതായി അപേക്ഷിക്കുന്നവരിൽ അർഹരായവർക്ക് അപേക്ഷ സമർപ്പിച്ച മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ 2022 ഫെബ്രുവരി വരെയുള്ള തുക അനുവദിക്കാവുന്നതാണ്.

ഓൺലൈനായി ലഭ്യമായ അപേക്ഷയിന്മേൽ അന്വേഷണം നടത്തി മാനദണ്ഡ പ്രകാരം ധനസഹായത്തിന് അർഹരാണെന്ന് ICDS സൂപ്പർവൈസർമാർ ഉറപ്പ് വരുത്തേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശയോടെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് ഓൺലൈനായി 27.09.2021 ന് മുൻപ് നൽകേണ്ടതും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ഇവ പരിശോധിച്ച് ആവശ്യമായ തുക അനുവദിക്കുന്നതിനായി ഗുണഭോക്താക്കളുടെ പേരു വിവരം

ആവശ്യമായ തുക എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് (നിശ്ചിത പ്രൊഫോർമയിൽ) 05/10/2021 ന് മുമ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. **അപേക്ഷകൾ ഓഫ്ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല.**

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ധനസഹായത്തിന് ശുപാർശ ചെയ്താൽ ആയത് ബന്ധപ്പെട്ട ജീവനക്കാരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാ ാ ഓഫീസർമാർക്കും.

പകർപ്പ്

- സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
- ഫിനാൻസ് ഓഫീസർ
- ഡയറക്ടറുടെ സി.എ
- സ്റ്റോക്ക് ഫയൽ

നമ്പർ

## അഭയകിരണം-അപേക്ഷാഫാറം

## അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസ ധനസഹായം നൽകുന്നതിനുള്ള അപേക്ഷ

| | | | |
|---|---|---|---|
| 1 | വിധവയെ സംരക്ഷിക്കുന്ന ബന്ധുവായ ഗൃഹനാഥൻ/ ഗൃഹനാഥയുടെ പേര്, മേൽ വിലാസം, പിൻകോഡ് , ഫോൺ നമ്പർ | : | |
| 2. | വിധവയുടെ പേര്, പൂർണ്ണമായ മേൽവിലാസം | : | |
| 3. | വയസ്സ്, ജനനതീയതി (വിധവ) | : | |
| 4. | വിധവയുടെ വാർഷിക വരുമാനം. | : | |
| 5. | വിധവയുമായുള്ള അപേക്ഷകന്റെ (സംരക്ഷകൻ/സംരക്ഷക) ബന്ധം | : | |
| 6. | വിധവയ്ക്ക് മക്കളുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ | : | |
| 7. | വിധവയുടെയും സംരക്ഷകന്റെ/സംരക്ഷകയുടെ സംയുക്ത ബാങ്ക് അക്കൗണ്ട് നമ്പർ, IFS കോഡ്, ബ്രാഞ്ച് എന്നിവയുടെ വിവരങ്ങൾ /സംരക്ഷകന്റെ ബാങ്ക് അക്കൗണ്ട് | : | |
| 8. | വിധവ ഏത് ഐ.സി.ഡി.എസ് ന്റെ പരിധിയിൽപെടുന്ന | : | |
| 9. | അപേക്ഷകന്റെ ആധാർ നമ്പർ (സംരക്ഷകൻ/സംരക്ഷക) | : | |
| 10. | മുൻ വർഷം (2020-21) ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം (ലഭിച്ച് തുക) | : | |

സ്ഥലം

തീയതി

സംരക്ഷകന്റെ/

അപേക്ഷകയുടെ ഒപ്പ്, പേര്

വിധവയുടെ ഒപ്പ്, പേര്

GB

## സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട്

അഭയകിരണം പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച..................................................

.........................................................................................................................................

(പേരും മേൽ വിലാസവും) നിലവിലെ മാനദണ്ഡ പ്രകാരം ധനസഹായത്തിന് അർഹതയുള്ള- യാളാണെന്ന് അന്വേഷിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ അപേക്ഷകന്/അപേക്ഷകയ്ക്ക് സർക്കാർ നൽകുന്ന മറ്റ് ക്ഷേമ പെൻഷനുകൾ ഒന്നും ലഭിക്കുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**സ്ഥലം:** **സൂപ്പർവൈസറുടെ:**

**തീയതി:** **പേര്:**

**ഒപ്പ്:**

## ശിശുവികസന പദ്ധതി ഓഫീസറുടെ സാക്ഷ്യപത്രം

മേൽ സൂചിപ്പിച്ച അപേക്ഷക/ അപേക്ഷകന്റെ സംരക്ഷണയിലാണ് ....................

..........................................................................എന്ന വിധവ കഴിയുന്നതെന്നും ടിയാളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയാണെന്നും വിധവയ്ക്ക് പ്രായ പൂർത്തിയായ മക്കൾ ഇല്ലെന്നും ടിയാൻ കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും യാതൊരുവിധ സാമ്പത്തിക ആനുകൂല്യങ്ങളും കൈപ്പറ്റുന്നില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ശിശു വികസന പദ്ധതി ഓഫീസറുടെ:

തീയതി: പേര്:

ഒപ്പ്:

GB

## ജില്ലാ വനിതാ ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ

............................................................ എന്നയാൾ ......................................എന്ന

വിധവയെ സംരക്ഷിക്കുന്നയാളാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ ടിയാന്റെ അപേക്ഷ അഭയകിരണം പദ്ധതിയ്ക്ക് ശുപാർശ ചെയ്ത് കൊള്ളുന്നു.

സ്ഥലം: ജില്ലാ ശിശു വികസന ഓഫീസറുടെ:

തീയതി: പേര്:

ഒപ്പ്:

(ഓഫീസ് സീൽ)

## അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ട രേഖകൾ

1. വിധവയുടെയും സംരക്ഷിക്കപ്പെടുന്ന ആളിന്റെയും റേഷൻ കാർഡ് കോപ്പി, ആധാർ കോപ്പി.
2. ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി
3. വിധവ, അപേക്ഷകന്റെ സംരക്ഷണയിലാണെന്നുള്ള തദ്ദേശസ്വയംഭരണ പ്രതിനിധി/ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
4. വിധവ BPL/മുൻഗണന വിഭാഗത്തിൽപ്പെട്ടവർ അല്ലെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റ് (വരുമാന പരിധി ഒരു ലക്ഷം)

GB

അഭയകിരണം പദ്ധതി പ്രകാരം 2019-20 വർഷം ധനസഹായം ലഭിച്ചവരിൽ തുടർന

ധനസഹായത്തിന് അർഹരായവരിടെ വിവരവും അനുവദിക്കാവുന്ന തുകയും

ജില്ല:.........................................

| ക്രമ നം. | അപേക്ഷകന്റെ പേരും മേൽ വിലാസവും | വിധവയുടെ പേരും മേൽ വിലാസവും | 2019-20 വർഷം അനുവദിച്ച തുക | 2019-20 വർഷ ജനുവരി മാസ വരെ അനുവദിക്കാവു തുക |
|---|---|---|---|---|
| | | | | |
| | ആകെ | | | |

2020-21 വർഷം അഭയകിരണം പദ്ധതി പ്രകാരം പുതുതായി അപേക്ഷിച്ചവരുടെ പേ

വിവരവും അനുവദിക്കാവുന്ന തുകയും

ജില്ല:.........................................

| ക്രമ നം. | അപേക്ഷകന്റെ പേരും മേൽ വിലാസവും | വിധവയുടെ പേരും മേൽ വിലാസവും | അപേക്ഷ സമർപ്പിച്ച തീയതി | ജനുവരി 202 വരെ അനുവദിക്കാവു തുക |
|---|---|---|---|---|
| | | | | |
| | ആകെ | | | |